പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2944 **29-10-2026-ൽ മറുപടിയ്ക്ക്**

പൊതുമരാമത്ത് ഭൂമി കൈയേറി അനധികൃത നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ഉപ്പള കൈക്കമ്പ - ബായാർ റോഡിൽ ജോഡിക്കലിൽ പൊതുമരാമത്ത് ഭൂമി കൈയേറി അനധികൃത നിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനെതിരെ നടപടി സ്വീകരിക്കാത്ത പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ടി റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ വീഴ്ച ഉണ്ടാകുന്ന പക്ഷം അത് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത അനധികൃത നിർമ്മിതി പൊളിച്ചു നീക്കണമെന്ന് ആവശ്യപ്പെട്ട് പൊതുപ്രവർത്തകനായ അബ്ദുൽ മജീദ് പച്ചമ്പള സമർപ്പിച്ച ഹർജിയിൽ പ്രസ്തുത നിർമ്മിതി പൊളിച്ചു മാറ്റാൻ ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പൊളിച്ചു മാറ്റാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നിർമ്മിതി എന്ന് പൊളിച്ചു മാറ്റാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WP(PIL) NO. 185/2026 കേസ്സിലെ 16/09/2026 ലെ വിധിന്യായ പ്രകാരം, കാസറഗോഡ് സേവാഭാരതി ക്ലബിന്റെ സെക്രട്ടറിയ്ക്ക്, നോട്ടീസ് കൈപ്പറ്റി 3 ദിവസത്തിനകം സ്വന്തം ചെലവിൽ നിർമ്മാണം പൊളിച്ചുനീക്കുന്നതിന്, 23.09.2026 ന് നോട്ടീസ് നൽകുകയുണ്ടായി. മാത്രമല്ല, നിശ്ചിത സമയത്തിനകം ആയത് നീക്കം ചെയ്യാത്ത പക്ഷം പൊതുമരാമത്ത് നടപടി സ്വീകരിക്കുമെന്നും, ആയതിന്റെ ചെലവ് സേവാഭാരതി ക്ലബ് സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിരുന്നു.

എന്നാൽ ബഹു.കേരള ഹൈക്കോടതിയിൽ Dr. Hedgewar Janma Shatabthi Seva Samithi WP(C)No. 33812/2026 പ്രകാരം നിർമ്മാണം നീക്കം ചെയ്യാനുള്ള നടപടികൾ താത്കാലികമായി നിർത്തിവെയ്ക്കുകയുണ്ടായി. ടി കേസ്സിൽ 06/10/2026 ലെ വിധിന്യായ പ്രകാരം സേവാഭാരതി ക്ലബ് ജോഡുകല്ല് സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് ഉചിതമായ ഉത്തരവ് നൽകുന്നതിനും അതിനുശേഷം നിയമാനുസരണം അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിനും ഉത്തരവായി. ടി

വിഷയത്തിൽ പരാതിക്കാരൻ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തുവെങ്കിലും 14/10/2026 ലെ വിധിന്യായ പ്രകാരം 16/09/2026 തീയതിയിലെ WP(PIL) No. 185/2026 ഉത്തരവിൽ നടപടികൾ സ്വീകരിക്കുവാൻ ഉത്തരവാകുകയും ചെയ്തു. തുടർന്ന്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 15/10/2026 ന് സേവാഭാരതി ക്ലബ് ജോഡുകല്ല് സെക്രട്ടറിക്ക് നോട്ടീസ് നൽകുകയും 22/10/2026 നുള്ളിൽ നിർമ്മാണം നീക്കം ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. 23/10/2026 ന് പ്രസ്തുത നിർമ്മാണം സേവാഭാരതി ക്ലബ് ജോഡുകല്ല് സെക്രട്ടറി നീക്കം ചെയ്തിട്ടില്ല എന്നതിനാൽ പ്രസ്തുത നിർമ്മാണം നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ പോലീസ് സഹായം തേടിയിട്ടുണ്ട്. മതിയായ പോലീസ് സന്നാഹത്തോട് കൂടി കയ്യേറ്റം ഒഴിപ്പിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ